**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5611** | **24/05/2017-ൽ മറുപടിയ്ക്ക്**

# ഫാർമസി നിയമപ്രകാരം ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യാൻ നടപടി

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) 1948-ലെ ഫാർമസി നിയമം സെ.42 പ്രകാരം ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യുവാൻ ആർക്കാണ് അധികാരം നൽകിയിട്ടുള്ളത്;

എ) ഫാർമസി വിദ്യാഭ്യാസം കഴിഞ്ഞ് ഫാർമസി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള രജിസ്റ്റേഡ് ഫാർമസി-സ്റ്റുകൾക്ക് മാത്രമേ അധികാരം നൽകിയിട്ടുള്ളൂ.

ബി) ഫാർമസി നിയമം കർശനമായി നടപ്പിലാക്കണമെന്നും സർക്കാർ-സ്വകാര്യ ആശുപത്രികളിലും ഷോപ്പുകളിലും യോഗ്യത-യുള്ള ഫാർമസിസ്റ്റുകളെ നിയോഗിച്ച് മാത്രമേ മരുന്ന് വിതരണം നടത്താവൂ എന്നും 2.12.2016 ൽ ഹൈക്കോടതി വിധി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോളർ, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ തുടങ്ങിയവരോട് ഈ കോടതി വിധി അനുസരിച്ചും ഫാർമസി നിയമങ്ങൾ അനുസരിച്ചും ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യമുള്ള ഫാർമസിസ്റ്റുകളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ ജനറൽ കൗൺസിൽ തീരുമാനം അനുസരിച്ച് കേരള സ്റ്റേറ്റ് ഫാർമസി കൗൺസിൽ റസല്യൂഷൻ നൽകിയിട്ടുണ്ട്. അതോടൊപ്പം ഫാർമസി ഇൻസ്പെക്ടർമാർ, പരിശോധന നടത്തി നിയമലംഘനങ്ങൾ കൗൺസി-ലിൽ റിപ്പോർട്ട് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) രോഗികളുടെ എണ്ണത്തിന് ആനുപാതിക-മായി സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്ക-ന്നതിന് നടപടി സ്വീകരിക്കുമോ;

സി) ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്ന-തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഡി) അട്ടപ്പാടി ഉൾപ്പടെയുള്ള ആദിവാസി ഊരുകളിൽ മരുന്നുകൾ നൽകുന്നത്

ഡി) അതെ. ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് 1945-ലെ ഷെഡ്യൂൾ കെ

അംഗൻവാടി വർക്കർമാരും ആശ വർക്കർമാരും ട്രൈബൽ പ്രൊമോട്ടർ-മാരും ആണെന്നത് വസ്തുതയാണോ; എങ്കിൽ ഈ മേഖലയിലും യോഗ്യരായ ഫാർമസിസ്റ്റുകളുടെ സേവനം ഉപയോഗ-പ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രകാരം, താഴെപ്പറയുന്ന സെന്ററുകളെ/ വ്യക്തികളെ മരുന്നുവിതരണത്തിനായി ഔഷധ വിതരണ/വില്പന ലൈസൻസു-കൾ എടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/ ഉപകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യപ്രവർത്തകർ
2. ഗ്രാമീണ ആരോഗ്യപദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് വോളന്റിയേഴ്സ്
3. അർബൻ ഫാമിലി വെൽഫെയർ സെന്റേഴ്സ്/ പ്രാഥമിക ആരോഗ്യ-കേന്ദ്രങ്ങൾ/ ഉപകേന്ദ്രങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നഴ്സുമാർ, അക്സിലറി നഴ്സ്, മിഡ് വൈവ്സ്, ലേഡി ഹെൽത്ത് വിസിറ്റേഴ്സ്
4. അംഗൻവാടി വർക്കേഴ്സ്

ആയതിനാൽ മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ ഭാഗമായി ഫാർമസിസ്റ്റിന്റെ സേവന-മില്ലാതെയും ഔഷധ വിതരണ/ വ്യാപാര ലൈസൻസ് ഇല്ലാതെയുള്ള മരുന്ന വിതരണം നടത്തുന്നതിന് നിയമ-പരമായി തടസ്സങ്ങളില്ല.

സെക്ഷൻ ഓഫീസർ